വനം വകുപ്പാസ്ഥാനം
വഴുതക്കാട്, തിരുവനന്തപുരം.
പിൻ: 695014. കേരള.
email: apccf-admin.for@kerala.gov.in
tel : 0471-2529111, 2529110

KFDHQ/473/2021-ADMIN/H3

തീയതി: 23/06/2021

**സർക്കുലർ നം.05/2021**

വിഷയം: **കേരള വനം വകുപ്പിലെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിന് നിർദേശം നൽകുന്നത് - സംബന്ധിച്ച്.**

സൂചന:
1) സർക്കാർ ഉത്തരവ് (സാധാ.) നം. 1940/2021/ ധന., തീയതി: 01-03-2021
2) സർക്കാർ ഉത്തരവ് (സാ) നം 452/2018/ഉ.ഭ.പ.വ. തീയതി: 03-09-2018
3) സർക്കാർ ഉത്തരവ് (സാ) നം 6060/2018/ഉ.ഭ.പ.വ. തീയതി: 15-09-2018

കേരള വനം വകുപ്പിലെ എല്ലാ ജീവനക്കാരും കേരള സർക്കാരിന്റെ ധനകാര്യ (IT സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത "SCORE" (Online Confidential Reporting and Reviewing System) എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ (www.score.kerala.gov.in) മുഖേന സമർപ്പിക്കുവാനും ഇപ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്നും GO(Rt) നം. 1940/2021/ ധന., തീയതി: 01-03-2021 ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. അതിനാൽ കേരള വനം വകുപ്പിലെ CR സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും 01-01-2021 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ (www.score.kerala.gov.in) മുഖേന സമർപ്പിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഹെഡ് അക്കൗണ്ടന്റ് മുതലുള്ള ജീവനക്കാർ, സംരക്ഷണ വിഭാഗത്തിൽ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ തുടങ്ങി എല്ലാ ജീവനക്കാരും നിർബന്ധമായും SCORE സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. റിപ്പോർട്ടിംഗ്, റിവ്യൂവിംഗ്, അക്സപ്റ്റിംഗ് എന്നീ ഓഫീസർമാർ അവരവരുടെ "In-box"-ൽ ലഭ്യമാകുന്ന കോൺഫിഡൻഷ്യൽ റിപോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് അടുത്ത ഘട്ടത്തിലേക്ക് സമർപ്പിക്കേണ്ടതിനു അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

- നിലവിലെ മാന്വൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം 31-12-2020 നു ശേഷം ഉണ്ടായിരിക്കുന്നതല്ല.
- 01-01-2021 മുതൽ ഓൺലൈൻ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- 31-12-2020 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് പഴയ രീതിയിൽ തന്നെ സമർപ്പിക്കേണ്ടതാണ്.
- കോൺഫിഡൻഷ്യൽ റിപോർട്ടുകൾ വിലയിരുത്തേണ്ട റിപ്പോർട്ടിംഗ് ഓഫീസർ/ റിവ്യൂവിംഗ് ഓഫീസർ എന്നിവരെ സംബന്ധിച്ച നിർദേശം ചുവടെ ചേർക്കുന്നു..

| ക്രമ നമ്പർ | തസ്തിക | റിപ്പോർട്ടിംഗ് അതോറിറ്റി (Reporting Authority) | റിവ്യൂവിംഗ് അതോറിറ്റി (Reviewing Authority) |
|---|---|---|---|
| 1 | ഹെഡ് അക്കൗണ്ടന്റ് | സീനിയർ സൂപ്രണ്ട് / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇവരിൽ ആരുടെ മുൻപിലാണോ ഹെഡ് അക്കൗണ്ടന്റ് റിപ്പോർട്ട് ചെയ്യുന്നത്) | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |
| 2 | ജൂനിയർ സൂപ്രണ്ട് | സീനിയർ സൂപ്രണ്ട് / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / സീനിയർഅഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇവരിൽ ആരുടെ മുൻപിലാണോ ജൂനിയർ സൂപ്രണ്ട് റിപ്പോർട്ട് ചെയ്യുന്നത്) | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |
| 3 | സീനിയർ സൂപ്രണ്ട് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / സീനിയർഅഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ / ഫോറസ്റ്റ് കൺസർവേറ്റർ / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇവരിൽ ആരുടെ മുൻപിലാണോ സീനിയർ സൂപ്രണ്ട് റിപ്പോർട്ട് ചെയ്യുന്നത്) | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |
| 4 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ / ഫോറസ്റ്റ് കൺസർവേറ്റർ / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇവരിൽ ആരുടെ മുൻപിലാണോ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്യുന്നത്) | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |
| 5 | ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |
| 6 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ /ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |
| 7 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ/ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | റിപ്പോർട്ടിംഗ് അതോറിറ്റിയുടെ നിയന്ത്രണാധികാരി |

മേല്പറഞ്ഞ 1 മുതൽ 6 വരെയുള്ള തസ്തികകളിൽ അക്സപ്റ്റിംഗ് അതോറിറ്റി (Accepting Authority) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ തസ്തികകളിൽ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അക്സപ്റ്റിംഗ് അതോറിറ്റി ആയിരിക്കും. എന്നാൽ റിപ്പോർട്ടിംഗ് ഓഫീസർ/ റിവ്യൂവിംഗ് ഓഫീസർ വനം വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥനാണെങ്കിൽ അക്സപ്റ്റിംഗ് അതോറിറ്റി ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് തന്നെ ആയിരിക്കും. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വനം വകുപ്പിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ അവരവരുടെ മാതൃവകുപ്പിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. വനം വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ SCORE സോഫ്റ്റ്‌വെയർ മുഖാന്തിരം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

CONSERVATOR OF FORESTS

SCORE–ൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നിർദേശങ്ങൾ താഴെ പറയും വിധം ആണ്:

1) www.score.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
2) തുടർന്ന് 'Register'ൽ ക്ലിക്ക് ചെയ്യുക
3) തുടർന്ന് Registration- ൽ PEN number, Date of Birth എന്നിവ രേഖപെടുത്തിയശേഷം "Check"ക്ലിക്ക് ചെയ്യുക. PEN number, Date of Birth എന്നിവ കൃത്യമാണെങ്കിൽ കൂടുതൽ വിവരങ്ങൾ കാണാൻ സാധിക്കും.
4) ലഭ്യമാകുന്ന വിവരങ്ങൾ കൃത്യമാണെങ്കിൽ Mobile No., e-mail ID, Parent Department എന്നിവ രേഖപ്പെടുത്തി 'Register'ക്ലിക്ക് ചെയ്യുക
5) താങ്കൾ ലഭ്യമാക്കിയ വിവരങ്ങൾ ശരിയാണെന്നു ഉറപ്പു വരുത്തിയശേഷം user name (PEN Number), Password എന്നിവ SMS വഴി ലഭ്യമാക്കുന്നതാണ്.
6) കൂടുതൽ സഹായങ്ങൾക്ക് www.score.kerala.gov.in എന്ന പോർട്ടലിൽ "Help"ക്ലിക്ക് ചെയ്യാവുന്നതാണ്.
7) Username, Password എന്നിവ ലഭ്യമായവർക്കു SCORE പോർട്ടൽ വഴി login ചെയ്തു കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്/ വിലയിരുത്താവുന്നതാണ്.
8) കേരള വനം വകുപ്പിലെ ഹെഡ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുതലുള്ള എല്ലാ ഉദ്യോഗസ്ഥരും (ഐ.എഫ്.എസ് ഉൾപ്പെടെ) നിർബന്ധമായും സ്കോർ സോഫ്റ്റ്‌വെയറിൽ (SCORE Software) 2021 ജൂൺ 30 ന് മുൻപേ രജിസ്റ്റർ ചെയ്യേണ്ടതാണ്.

23/06/21

പി കെ കേശവൻ ഐ എഫ് എസ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള.

പകർപ്പ്:
1) എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിലേക്കും തുടർ നടപടിക്കുമായി അയക്കുന്നു
2) എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിലേക്കും തുടർ നടപടിക്കുമായി അയക്കുന്നു.
3) എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിലേക്കും തുടർനടപടിക്കുമായി അയക്കുന്നു.
4) സി.സി.എഫ് (IT) ക്കു അറിവിനും ഡിപ്പാർട്ട്മെന്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി അയക്കുന്നു.
5) എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അവരുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി അയക്കുന്നു
6) സ്റ്റോക്ക് ഫയൽ

ADDL. PRINCIPAL CHIEF CONSERVATOR OF FORESTS (ADMINISTRATION) ★ FOREST HEAD QUARTERS THIRUVANANTHAPURAM 695 014